# ആരോഗ്യ കേരളം

FEBRUARY 2023

follow us on /arogyakeralam https://arogyakeralam.gov.in




## കുഷ്ഠരോഗം പൂർണമായി നിർമാർജനം ചെയ്യുക ലക്ഷ്യം: മന്ത്രി വീണാ ജോർജ്

സമൂഹത്തിൽ മറഞ്ഞുകിടക്കുന്ന കുഷ്ഠരോഗ ബാധിതരെ ഗൃഹ സന്ദർശനത്തിലൂടെ കണ്ടു പിടിച്ച് ചികിത്സിച്ച് കുഷ്ഠരോഗം പൂർണമായും നിർമാർജനം ചെയ്യുകയാണ് ലക്ഷ്യമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അശ്വമേധം കാമ്പയിനിന്റെ ഭാഗമായി പരിശീലനം ലഭിച്ച ആരോഗ്യ പ്രവർത്തകർ രണ്ടാഴ്ച ക്കാലം വീടുകളിലെത്തി രോഗ ലക്ഷണങ്ങളുള്ളവരെ കണ്ടെത്തുന്നു. തൊലിപ്പുറത്ത് കാണുന്ന സ്പർശനശേഷി കുറഞ്ഞ നിറം മങ്ങിയതോ, ചുവന്നതോ ആയ പാടുകൾ, തടിപ്പുകൾ എന്നിവയുള്ളവർ അവഗണിക്കരുത്. നേരത്തെ ചികിത്സിച്ചാൽ സങ്കീർണതകളിൽ നിന്നും രക്ഷനേടാനാകുമെന്നും മന്ത്രി വ്യക്തമാക്കി. അശ്വമേധം കാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം പേരൂർക്കട ജില്ലാ മാതൃക ആശുപത്രിയിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കുഷ്ഠരോഗ നിർമാർജനത്തിന് ആരോഗ്യ വകുപ്പ് ഊർജിത പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. കൂട്ടായ പ്രവർത്തനങ്ങളിലൂടെ രാജ്യത്തിന് മാതൃകയായ പ്രവർത്തനങ്ങൾ നടത്താൻ കേരളത്തിനായി. ഈ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി പൂർണ്ണമായും കുഷ്ഠരോഗത്തിൽ നിന്നും മുക്തി നേടുകയാണ് ലക്ഷ്യം. ആരോഗ്യ പ്രവർത്തകർ വീടുകൾ സന്ദർശിക്കുമ്പോൾ കൃത്യമായ വിവരം നൽകണം. അതിലൂടെ രോഗമുണ്ടെങ്കിൽ കണ്ടെത്തി ചികിത്സിക്കാൻ സഹായിക്കും. രണ്ടാഴ്ചയ്ക്കുള്ളിൽ മുഴുവൻ ആളുകളിലും എത്തുന്ന വിധത്തിലാണ് കാമ്പയിൻ ആവിഷ്ക്കരിച്ചിരിക്കുന്നത്. കുഷ്ഠരോഗം അവഗണിക്കരുത്. ആരോഗ്യ പ്രവർത്തകർ വീടുകളിലെത്തുമ്പോൾ കൃത്യമായ വിവരങ്ങൾ നൽകി രോഗമില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ആശുപത്രികളിൽ ഗുണമേന്മ ഉറപ്പാക്കി മികച്ച സേവനമൊരുക്കുകയാണ് ആർദ്രം രണ്ടിലൂടെ ലക്ഷ്യമിടുന്നത്. താലൂക്ക് ആശുപത്രികൾ മുതൽ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക, മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്നിവയും ലക്ഷ്യമിടുന്നു. രോഗപ്രതിരോധത്തിനും വലിയ പ്രാധാന്യമുണ്ട്. ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധത്തിന് ജനകീയ കാമ്പയിനും നടപ്പിലാക്കി വരുന്നു.

മെഡിക്കൽ കോളേജുകളിൽ തിരക്ക് കുറയ്ക്കുന്നതിനായി റഫറൽ സമ്പ്രദായം നടപ്പിലാക്കി വരുന്നു. ഇതിനായി റഫറൽ പ്രോട്ടോകോൾ രൂപീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം മറ്റ് ആശുപത്രികളെ ശക്തിപ്പെടുത്തി വരുന്നതായും മന്ത്രി വ്യക്തമാക്കി.

വി.കെ. പ്രശാന്ത് എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ വി.ആർ. വിനോദ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ആരോഗ്യ വകുപ്പ് അഡീ. ഡയറക്ടർമാരായ ഡോ. കെ.വി. നന്ദകുമാർ, ഡോ. കെ. സക്കീന, തിരുവനന്തപുരം നഗരസഭ ആരോഗ്യ സ്ഥിരം സമിതി അദ്ധ്യക്ഷ ജമീല ശ്രീധരൻ, അഡീ. ഡി.എം.ഒ. ഡോ. എസ്. അനിൽകുമാർ പേരൂർക്കട ആശുപത്രി സൂപ്രണ്ട് ഡോ. എ.എൽ. ഷീജ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ആശ വിജയൻ, ഡപ്യൂട്ടി ഡി.എം.ഒ ഡോ. എസ്. ഷീല, സ്റ്റേറ്റ് ലെപ്രസി ഓഫീസർ ഡോ. സിന്ധു ശ്രീധരൻ, സ്റ്റേറ്റ് മാസ് മീഡിയ ഓഫീസർ കെ.എൻ അജയ് എന്നിവർ പങ്കെടുത്തു.



## സൂപ്പറായി ആലപ്പുഴ മെഡിക്കൽ കോളേജ്

ആലപ്പുഴ: ജില്ലയിലേയും സമീപ പ്രദേശങ്ങളിലെയും ജനങ്ങളുടെ ആരോഗ്യാവശ്യങ്ങൾ അടിയന്തിര സ്വഭാവത്തോടെ പരിഗണിച്ചു വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുക എന്ന നീണ്ട നാളായുള്ള ആവശ്യത്തിന് പരിഹാരം കണ്ടുകൊണ്ടു ആലപ്പുഴ മെഡിക്കൽ കോളജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് മുഖ്യമന്ത്രി പിണറായി വിജയൻ നാടിനു സമർപ്പിച്ചു. ജില്ലയിലെ വലിയൊരു വിഭാഗം ജനങ്ങളും അവരുടെ ആരോഗ്യാവശ്യങ്ങൾക്കായി ആശ്രയിക്കുന്ന മെഡിക്കൽ കോളജിൽ സ്പെഷ്യാലിറ്റി ബ്ലോക്ക് കൂടി പ്രവർത്തന സജ്ജമാകുന്നതോടെ ആലപ്പുഴയിലെ സർക്കാർ ആരോഗ്യമേഖല ജനോപകാര സേവനങ്ങൾ ലഭ്യമാക്കുന്നതിൽ കൂടുതൽ മികവാർജ്ജിക്കുകയാണ്. ഇവിടേക്ക് ആവശ്യമായ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി കൂടി പങ്കെടുത്ത ഉദ്ഘാടന ചടങ്ങിൽ വെച്ച് മുഖ്യമന്ത്രി പറഞ്ഞു.

അത്യാധുനിക സൗകര്യങ്ങളോടുകൂടി നിർമ്മിച്ച പുതിയ ബ്ലോക്കിൽ ഒമ്പത് സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ഒരുക്കിയിട്ടുണ്ട്. നിലവിലുള്ള സ്പെഷ്യാലിറ്റി വിഭാഗങ്ങൾ കൂടാതെ എൻഡോക്രൈനോളജി, പ്ലാസ്റ്റിക് സർജറി എന്നീ വിഭാഗങ്ങൾ കൂടി പുതിയ ബ്ലോക്കിൽ പ്രവർത്തനം ആരംഭിക്കും.

കാഡിയോളജി, കാർഡിയോ തൊറാസിക് സർജറി, ന്യൂറോ സർജറി, നെഫ്രോളജി, ന്യൂറോളജി, ന്യൂറോ സർജറി, ഗ്യാസ്ട്രോ എൻട്രോളജി എന്നിവയാണ് പുതിയ ബ്ലോക്കിൽ സജ്ജീകരിച്ചിട്ടുള്ള മറ്റു വിഭാഗങ്ങൾ. വിവിധ സ്പെഷ്യാലിറ്റി വിഭാഗങ്ങൾക്കായി 200 കിടക്കകൾ ഒരുക്കിയിട്ടുണ്ട്. 12 മെഡിക്കൽ ഐ.സി.യു, എട്ട് സർജിക്കൽ ഐ.സി.യു, എന്നിവയുൾപ്പെടെ 50 ഐ.സി. യു. കിടക്കകളും സജ്ജീകരിച്ചിട്ടുണ്ട്.

നൂതന ഉപകരണങ്ങൾ അടക്കം സജ്ജീകരിച്ച പോസ്റ്റ് കാത്, സ്റ്റെപ് ഡൗൺ ഐ.സി.യുകൾ ആറ് എണ്ണം വീതം പുതിയ ബ്ലോക്കിലുണ്ട്. കൂടാതെ വിവിധ വിഭാഗങ്ങളായി 15 പി.ജി. സീറ്റുകൾക്ക് കൂടി ഉടൻ അനുമതി ലഭിക്കും. ബയോ മെഡിക്കൽ ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിന്റെ പ്രവർത്തനങ്ങളും ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ആലപ്പുഴ മെഡിക്കൽ കോളേജിനു സുവർണ്ണജൂബിലി സമ്മാനമായി ലഭിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന് 2016 ലാണ് ശിലയിട്ടത്. പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജനയിൽപ്പെടുത്തി 173.18 കോടി രൂപ ചെലവഴിച്ചു നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിനായി കേന്ദ്രം 120 കോടിയും സംസ്ഥാനം 53.18 കോടിയുമാണ് ചെലവഴിച്ചത്. ന്യൂറോളജി, ന്യൂറോ സർജറി, നെഫ്രോളജി , യൂറോളജി, ജനിറ്റോ യൂറിനറി സർജറി, കാർഡിയോളജി, പ്ലാസ്റ്റിക് സർജറി, എൻഡോക്രൈനോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി സേവനവും ഇവിടെ ലഭ്യമാകും.

മെഡിക്കൽ കോളജിൽ ട്രോമാ കെയർ സംവിധാനം സമയബന്ധിതമായി സ്ഥാപിക്കുമെന്ന് ചടങ്ങിന് സ്വാഗതം ആശംസിച്ചു കൊണ്ട് ആരോഗ്യ മന്ത്രി വീണാ ജോർജ് പറഞ്ഞു. ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗത്തിന്റെ പണിയും ഉടൻ പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു. കേന്ദ്ര ആരോഗ്യ സഹമന്ത്രി ഭാരതി പർവീൺ പവാർ അദ്ധ്യക്ഷയായിരുന്ന ഉദ്ഘാടന ചടങ്ങിൽ ഫിഷറീസ്, സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ, എ.എം. ആരിഫ് എം.പി, എം.എൽ.എ.മാരായ എച്ച്. സലാം, പി.പി. ചിത്തരഞ്ജൻ, തോമസ് കെ.തോമസ്, യു. പ്രതിഭ, എം.എസ്. അരുൺ കുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി.രാജേശ്വരി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. തോമസ് മാത്യു, അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ആശ തോമസ്, മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ.കെ.ടി. സുമ, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാകേഷ്, അമ്പലപ്പുഴ നോർത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ഹാരിസ്, ജില്ല പഞ്ചായത്ത് അംഗം പി. അഞ്ജു, ഗ്രാമ പഞ്ചായത്ത് അംഗം സുനിത പ്രദീപ്, സൂപ്രണ്ട് ഡോ. അബ്ദുൾ സലാം എന്നിവരും പങ്കെടുത്തു.




തിരുവനന്തപുരം വേദിയായ ആദ്യ ജി- 20 ആരോഗ്യ പ്രവർത്തക സമിതി സമ്മേളനത്തോടനുബന്ധിച്ചൊരുക്കിയ പ്രദർശനത്തിൽ എൻ എച്ച് എം ബി സി സി വിഭാഗത്തിന്റെ സ്റ്റാൾ





കേന്ദ്ര ആരോഗ്യ സഹമന്ത്രി ഡോ. ഭാരതി പ്രവീൺ പവാർ സ്റ്റാൾ സന്ദർശിക്കുന്നു.

സുരേഷ് കെ
സ്റ്റേറ്റ് അഡ്മിൻ & എച്ച് ആർ മാനേജർ
എൻ എച്ച് എം

# ജി–20 യിലെ ഇന്ത്യയുടെ അധ്യക്ഷതയും കേരളത്തിന്റെ ആതിഥേയത്വവും

**ലോകത്തെ** വ്യാവസായികമായി വികസിച്ചതും ഉയർന്നുവരുന്നതുമായ പ്രമുഖ രാജ്യങ്ങളുടെ കൂട്ടായ്മയാണ് 1999 സെപ്റ്റംബർ 26ന് രൂപീകൃതമായ ജി-20. പേരിൽ ഇരുപതാണെങ്കിലും അതിലധികം രാജ്യങ്ങൾ ഈ കൂട്ടായ്മയിൽ അംഗങ്ങളാണ്. പത്തൊൻപത് രാജ്യങ്ങളും പിന്നെ യൂറോപ്യൻ യൂണിയനും . ഇന്ന് ലോകജനസംഖ്യയുടെ ഏകദേശം 65 ശതമാനം ഈ രാജ്യങ്ങളിലാണ് അധിവസിക്കുന്നത്. അതായത് ലോക ജി.ഡി.പി.യുടെ 85 ശതമാനവും കച്ചവടത്തിന്റെ 75 ശതമാനവും കൈയാളുന്ന ഈ ഗ്രൂപ്പിലെ രാജ്യങ്ങളും അവരുടെ തീരുമാനങ്ങളും ലോകത്തിന്റെ തന്നെ ഭാവി നിർണയിക്കുന്നതിൽ മുഖ്യ ശക്തിയാണ് .

**പ്രതിസന്ധികളെ തരണം ചെയ്ത ചരിത്രം**

1999-ൽ കിഴക്കനേഷ്യാ സാമ്പത്തിക പ്രതിസന്ധിക്കാലത്താണ് പുതിയൊരു കൂട്ടയ്മ എന്ന ആശയം ഉരുത്തിരിഞ്ഞത്. ബർനിലിൽ ചേർന്ന ആദ്യ സമ്മേളനം തൊട്ടു തുടങ്ങി ലോക സാമ്പത്തിക മേഖലയെ തകിടം മറിയാതെ തുഴഞ്ഞുകൊണ്ടുപോവുക എന്നത് ഈ സംഘടനയുടെ ലക്ഷ്യമായി മാറി. ആദ്യകാലങ്ങളിൽ അംഗരാജ്യങ്ങളിലെ ധനകാര്യ മന്ത്രിമാരും സെൻട്രൽ ബാങ്ക് തലവന്മാരുമാരും മാത്രമായിരുന്നു പ്രതിനിധികളായുണ്ടായിരുന്നത്. എന്നാൽ 2008 -ലെ സാമ്പത്തിക പ്രതിസന്ധി ജി-20 വേദിയിലും മാറ്റങ്ങൾക്ക് വഴിവെച്ചു. ധനകാര്യ മന്ത്രിമാർക്ക് പകരം രാഷ്ട്രത്തലവന്മാർത്തന്നെ നേരിട്ട് പങ്കെടുക്കുന്ന ഒരു വേദിയായി മാറിയ ജി-20, പിന്നീടുള്ള ഒന്നരപ്പതിറ്റാണ്ടിനിടയിൽ വലിയൊരു കൂട്ടായ്മയായി തന്നെ പരിണമിച്ചു. കേവലം സാമ്പത്തിക മേഖലയ്ക്കപ്പുറം ലോക സുരക്ഷ, ഭക്ഷ്യസുരക്ഷ, ഊർജസുരക്ഷ, പരിസ്ഥിതി, പൊതു ജനാരോഗ്യം തുടങ്ങി സ്റ്റാർട്ടപ്പുവരെ ചർച്ചചെയ്യുന്ന വേദിയായി സംഘടന വളർന്നു. സ്ഥിരമായി ഒരു ആസ്ഥാനമില്ലാതെ ഗ്രൂപ്പിന്റെ അദ്ധ്യക്ഷ പദവി ഓരോവർഷവും ഓരോ രാജ്യങ്ങളാണ് ഏറ്റെടുക്കുന്നത്.

**അധ്യക്ഷ സ്ഥാനത്ത് ഇന്ത്യ**

2022 അവസാനം ഇന്തോനേഷ്യയിൽ നടന്ന 17-ാ മത് ജി-20 ഉച്ചകോടിയിൽ വെച്ചാണ് അടുത്ത ഒരു വർഷത്തേക്കുള്ള ജി-20 അധ്യക്ഷ പദവിയിലേക്ക് ഇന്ത്യ അവരോധിക്കപ്പെടുന്നത്. 'വസുധൈവ കുടുംബകം' അഥവാ 'ഒരു ഭൂമി ഒരു കുടുംബം ഒരു ഭാവി' എന്ന വിഷയമാണ് 2023 ലെ ഇന്ത്യയുടെ ജി 20 അധ്യക്ഷ പദവിയുടെ നിദാനം. ഈ വർഷം ന്യൂഡൽഹിയിൽ നടക്കുന്ന ആഗോള സമ്മേളനത്തിനുമുമ്പ്, ലോകം ഇന്ന് അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി ഇരുനൂറോളം ചെറുസഭകൾ ചേരുന്നുണ്ട്. ജി20 ഉച്ചകോടിയുടെ അജൻഡ തീരുമാനിക്കുകയാണു ഈ യോഗങ്ങളുടെ പ്രഥമ ലക്ഷ്യം. ഈ യോഗങ്ങളിൽ രാഷ്ട്രത്തലവന്മാരുട പ്രതിനിധിയായ ഷെർപമാർ പങ്കെടുക്കുന്നു. സമാന്തരമായി സാമ്പത്തിക കാര്യ മന്ത്രിമാരും സെൻട്രൽ ബാങ്ക് ഗവർണർമാരും പങ്കെടുക്കുന്ന ഫിനാൻസ് ട്രാക്കും നടക്കുന്നു.

**ജി–20 ആദ്യ ആരോഗ്യ പ്രവർത്തക സമിതിക്കു വേദിയായി കേരളം**

വരുന്ന സെപ്റ്റംബറിൽ ഇന്ത്യയിൽ വെച്ചു നടത്തപ്പെടുന്ന ജി-20 ഉച്ചകോടിയോടനുബന്ധിച്ചുള്ള ആദ്യ ആരോഗ്യ പ്രവർത്തക സമിതിയോഗം ചേരുന്നതിനായി കേരളത്തെയാണ് വേദിയായി തിരഞ്ഞെടുത്തത്. തുടർച്ചയായുള്ള പ്രകൃതിക്ഷോഭങ്ങളും കൊവിഡ് കാലവുമെല്ലാം തീർത്ത വെല്ലുവിളികളെയെല്ലാം അതിജീവിച്ചു കരുത്തോടെ കേരളം കാത്തുസൂക്ഷിക്കുന്ന അതിന്റെ പൊതുജാനാരോഗ്യ സംവിധാനത്തിനുള്ള അംഗീകാരമായാണ് ഇത് കണക്കാക്കപ്പെടേണ്ടത്. 2023 ജനുവരി 18 മുതൽ 20 വരെ തിരുവനന്തപുരത്ത് നടന്ന സമ്മേളനം കേന്ദ്ര ആരോഗ്യ സഹമന്ത്രി ഡോ. ഭാരതി പ്രവീൺ പവാർ നിർവ്വഹിച്ചു. 26 രാജ്യങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരും ഏകദേശം 29 അന്താരാഷ്ട്ര സംഘടനകളും യോഗത്തിൽ പങ്കെടുത്തു. ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സെക്രട്ടറി രാജേഷ് ഭൂഷൺ ഉദ്ഘാടന പ്രസംഗം നടത്തിയ സമ്മേളനത്തിൽ ആരോഗ്യരംഗത്തെ അടിയന്തര വെല്ലുവിളികൾക്കുള്ള പരിഹാരമാർഗ്ഗങ്ങളും, മരുന്നുനിർമാണ മേഖലയിലെ രാജ്യാന്തര സഹകരണവും, സാർവ്വത്രിക ആരോഗ്യസുരക്ഷക്കായി ഡിജിറ്റൽ ആരോഗ്യ സംവിധാനത്തിന്റെ പ്രയോജനപ്പെടുത്തൽ എന്നിവയും മുൻഗണനാ വിഷയങ്ങളായി. കൂടാതെ ചികിത്സാ ആവശ്യങ്ങൾക്കായുള്ള രാജ്യാന്തര യാത്രകളും ആയുർവ്വേദമുൾപ്പെടെയുള്ള വിവിധ ചികിത്സാ രീതികളുടെ സമന്വയ സാധ്യതകളെപ്പറ്റിയും അനുബന്ധ പരിപാടികളിൽ ചർച്ചകളുണ്ടായി. വിവിധ രാജ്യങ്ങളുടെ പ്രാധിനിത്യം കൊണ്ടും സംഘാടന മികവിനാലും ശ്രദ്ധിക്കപ്പെട്ട ഈ സമ്മേളനം കേരളത്തിന്റെ ആരോഗ്യ, സാമ്പത്തിക, ടൂറിസം മേഖലയിലേക്ക് അവസരങ്ങളുടെ ഒരു ജാലകം തന്നെയാണ് തുറക്കുന്നത്. ലോകത്തിനു മുന്നിൽ നാടിന്റെ കലയും സംസ്കൃതിയും രുചി വൈവിധ്യങ്ങളും മാത്രമല്ല,അതിന്റെ സുശക്തമായ ആരോഗ്യമേഖലയിലെ മാതൃകാപരമായ പ്രവർത്തന രീതികളും നേട്ടങ്ങളുമെല്ലാം പ്രദർശിപ്പിക്കുവാനും സംസ്ഥാനം ഈ അവസരം പ്രയോജനപ്പെടുത്തി.

# റാന്നി താലൂക്ക് ആശുപത്രിയുടെ വികസന കുതിപ്പിന് തുടക്കമായി



**റാന്നി താലൂക്ക് ആശുപത്രിയിലെ നവീകരിച്ച ഒപി ബ്ലോക്കിന്റേയും പുതുതായി പണികഴിപ്പിച്ച ഫാർമസിയുടേയും ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിച്ചു**

പത്തനംതിട്ട: റാന്നി താലൂക്ക് ആശുപത്രിയിൽ ആധുനിക ചികിത്സാ സൗകര്യങ്ങളോടു കൂടിയുള്ള പുതിയ കെട്ടിടം വേഗത്തിൽസാധ്യമാക്കുമെന്ന്ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. റാന്നി താലൂക്ക് ആശുപത്രിയിലെ നവീകരിച്ച ഒ പി ബ്ലോക്കിന്റേയും പുതുതായി പണികഴിപ്പിച്ച ഫാർമസിയുടേയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

റാന്നി താലൂക്ക് ആശുപത്രിയുടെ വികസനക്കുതിപ്പിന് തുടക്കമിടുന്ന പുതിയൊരു അധ്യായത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. രോഗികൾക്ക് ക്യു നിൽക്കാതെ ടോക്കൺ എടുക്കാൻ സാധിക്കുന്ന ഇ-ഹെൽത്ത് സംവിധാനം റാന്നി താലൂക്ക് ആശുപത്രിയിൽ നടപ്പാക്കും. ഇതിലൂടെ ആശുപത്രിയിലെത്തുന്ന രോഗികൾക്ക് വീട്ടിലിരുന്നുകൊണ്ട് തന്നെ ടോക്കൺ എടുത്ത് സമയം അനുസരിച്ച് ആശുപത്രികളിലെത്താൻ സാധിക്കും. റാന്നി താലൂക്ക് ആശുപത്രി പുനലൂർ- മൂവാറ്റുപുഴ റോഡിൽ ഏറ്റവും മർമ്മ പ്രധാനമായ ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. അതുകൊണ്ട് തന്നെ റാന്നി താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്.

ശബരിമല തീർഥാടകർക്കും ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കുന്ന ചികിത്സാകേന്ദ്രം കൂടിയാണ് ഇത്. ആദിവാസി സഹോദരങ്ങൾ ഉൾപ്പെടെ താമസിക്കുന്ന സ്ഥലമാണിത്. 69 ലക്ഷം രൂപ ചിലഴിച്ച് ഉന്നത ഗുണനിലവാരത്തിൽ ലേബർ റൂം സജ്ജമാക്കുമെന്നും ഗുണനിലവാരമുള്ള ചികിത്സ നൽകുന്നതിന് ക്വാളിറ്റി അക്രഡിറ്റേഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

സർക്കാരിന്റെ നവകേരള കർമ്മ പദ്ധതി രണ്ടിന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ പത്ത് കാര്യങ്ങളാണ് സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഗുണനിലവാരമുള്ള സേവനത്തിന് അടിസ്ഥാന സൗകര്യവികസനം ഒരുക്കുകയെന്നതാണ്. ആർദ്രം എന്ന പേര് പോലെ അക്ഷരാർഥത്തിൽ ആശുപത്രി ജന സൗഹൃദവും രോഗീ സൗഹൃദവുമാകണം. രോഗികൾക്ക് ആശ്വാസം പകരാൻ സാധിക്കണം.

ചികിത്സയിലെ ഉന്നത നിലവാരം ഉറപ്പാക്കാൻ സാധിക്കും. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണ്. പണമില്ലാതെ ചികിത്സിക്കാൻ സാധിക്കാത്ത നിസഹായവസ്ഥ ആർക്കുമുണ്ടാകരുതെന്നത് തന്നെയാണ് സംസ്ഥാന സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. അത് മുന്നിൽ കണ്ടാണ് കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ സർക്കാർ മേഖലയിൽ തികച്ചും സൗജന്യമാക്കിയത്. മാത്രമല്ല, സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ട്രാൻസ്പ്ലാന്റേഷന് വേണ്ടിയുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുകയാണെന്നും അതിന്റെ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നതെന്നും അതിന് വേണ്ടി സ്പെഷ്യൽ ഓഫീസറെ നിയമിച്ച് കഴിഞ്ഞുവെന്നും മന്ത്രി പറഞ്ഞു.

റാന്നി താലൂക്ക് ആശുപത്രിയിൽ ആധുനികചികിത്സാ സൗകര്യങ്ങളോടു കൂടിയുള്ള പുതിയ കെട്ടിടം കൂടി സാധ്യമാകുന്നതോടെ വലിയ മുന്നേറ്റം റാന്നിയുടെ ആരോഗ്യമേഖലയിലുണ്ടാകുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിച്ച അഡ്വ. പ്രമോദ് നാരായൺ എംഎൽഎ പറഞ്ഞു. സ്ഥലമേറ്റെടുക്കാൻ സങ്കീർണമായ പ്രയാസമുണ്ടായിരുന്നു. എന്നാൽ അത്തരം കാര്യങ്ങളെയെല്ലാം മറികടന്നു. സാമൂഹിക ആഘാതം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനവും പുറത്ത് വന്നു കഴിഞ്ഞു. റാന്നി താലൂക്ക് ആശുപത്രിയെ സംബന്ധിച്ചിടത്തോളം ഒപി നവീകരണം ഏറെ പ്രധാനമായിരുന്നു. ഓരോ ഡോക്ടർമാരേയും കാണുന്നതിന് പ്രത്യേകം ക്യു, വിശ്രമത്തിനുള്ള സ്ഥലം, ശുചിത്വം, എന്നിങ്ങനെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി. 93 ലക്ഷം മുടക്കിയാണ് ഒപി നവീകരണം സാധ്യമാക്കിയത്.



> ഗുണനിലവാരമുള്ള ചികിത്സ നൽകുന്നതിന് ക്വാളിറ്റി അക്രിഡിറ്റേഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും

സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ആശുപത്രികളുടെ വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി മികച്ച പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. കോവിഡ്, കാൻസർ, അവയവമാറ്റങ്ങൾ എന്നിങ്ങനെ നാം നേരിട്ട എല്ലാ വെല്ലുവിളികളേയും മറികടക്കാൻ ധീരമായ ശ്രമങ്ങളുണ്ടായി. കേരളത്തിന്റെ ആരോഗ്യരംഗത്ത് വൻകുതിച്ചുചാട്ടമെന്ന് അടയാളപ്പെടുത്താവുന്ന കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ സൗജന്യമാക്കിയ ആരോഗ്യമന്ത്രിയെ ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം ആശുപത്രി വൃത്തിയായി സൂക്ഷിക്കുയെന്ന ഉത്തരവാദിത്വം ഉണ്ടെന്നും അക്കാര്യം ആശുപത്രിയിലെ ജീവനക്കാർ ഭംഗിയായി നിറവേറ്റണമെന്നും എംഎൽഎ പറഞ്ഞു.

റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.എസ്. ഗോപി, റാന്നി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ആർ. പ്രകാശ്, പഴവങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അനിത അനിൽകുമാർ, അങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു റെജി, ജില്ലാ പഞ്ചായത്തംഗം ജോർജ് എബ്രഹാം, റാന്നി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.എസ്. സുജ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ജേക്കബ് സ്റ്റീഫൻ, വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ സതീഷ് കെ പണിക്കർ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ കോമളം അനിരുദ്ധൻ, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ നയനാ സാബു, അഡ്വ. സിബി താഴത്തില്ലത്ത്, എം.എസ്. സുജ, അന്നമ്മ തോമസ്, കെ.എം. മാത്യു, ഷിജി മോഹൻ, ഗ്രേസി തോമസ്, കെ.എം. നബീസത്ത് ബീവി, റാന്നി ഗ്രാമപഞ്ചായത്തംഗം സന്ധ്യാ ദേവി, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എൽ. അനിത കുമാരി, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എസ്. ശ്രീകുമാർ, ആർദ്രം മിഷൻ നോഡൽ ഓഫീസർ ഡോ. അംജിത് രാജീവൻ,

റാന്നി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ അനു മാത്യു ജോർജ്, കെ.എസ്.എച്ച്.ബി എക്സിക്യൂട്ടീവ് എഞ്ചിനീയർ ജി. സുരേഷ്കുമാർ, റാന്നി താലൂക്ക് ആശുപത്രി സൂപ്രണ്ട് ഇൻ ചാർജ് ഡോ. റെയ്മോൾ ജേക്കബ്, എച്ച്എംസി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**മൃൺമയി ശശാങ്ക് ജോഷി ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൽട്ടന്റ്, ബി സി സി

മാനേജിംഗ് എഡിറ്റർ
**ടി സ്മൃതി ലക്ഷ്മി**
ജെ സി(ഡിഃസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസോ. എഡിറ്റേഴ്സ്
**വി കെ വർഷ**
ജെ സി(ഡിഃസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെ സി(ഡിഃസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ

**വർഷ ജയപ്രകാശ്**
ജെ സി (ഡിഃസി), തിരുവനന്തപുരം
**അശ്വിനി രവീന്ദ്രൻ**
ജെ സി (ഡിഃസി), കൊല്ലം
**വിനീഷ് സി ആർ**
കൺസൽട്ടന്റ്(ഡിഃസി), കോട്ടയം
**ഡാനി പ്രിയൻ**
കൺസൽട്ടന്റ്(ഡിഃസി), തൃശൂർ
**വിനു എ**
കൺസൽട്ടന്റ്(ഡിഃസി), എറണാകുളം
**ജിജിൽ മാത്യു**
കൺസൽട്ടന്റ്(ഡിഃസി), ഇടുക്കി
**ആഗ്നൽ ജോസഫ്**
കൺസൽട്ടന്റ്, ആലപ്പുഴ
**അജിത്കുമാർ പി എ**
ജെ സി(ഡിഃസി), പത്തനംതിട്ട
**പ്രീത എം**
ജെ സി(ഡിഃസി), പാലക്കാട്
**ദിവ്യ ഇ ആർ**
ജെ സി(ഡിഃസി), മലപ്പുറം
**ദിവ്യ**
കൺസൽട്ടന്റ്(ഡിഃസി), കോഴിക്കോട്
**നിജിൽ**
ജെ സി (ഡിഃസി), വയനാട്
**ബിൻസി രവീന്ദ്രൻ**
ജെ സി (ഡിഃസി),കണ്ണൂർ
**കമൽ കെ ജോസ്**
ജെ സി (ഡിഃസി), കാസർഗോഡ്
**ഷീബ ആർ ദാസ്**
ക്ലർക്ക്, ഡി ഇ ഒ സ്റ്റേറ്റ് മിഷൻ ഓഫീസ്

ആരോഗ്യ കേരളം

# ആരോഗ്യമേഖലയിൽ വയനാടൻ വീരഗാഥ



വയനാട്: മാറ്റത്തിനൊപ്പം യാത്ര ചെയ്യുകയാണ് വയനാടിന്റെ ആരോഗ്യരംഗം. തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളുമായി അതിരു പങ്കിടുന്നതിനാൽ വയനാട്ടിലെ ആശുപത്രികളിലേക്ക് എത്തുന്ന രോഗികളുടെ എണ്ണത്തിലും കുറവില്ല. ഇതുകൂടി പരിഗണിച്ച് വയനാടിന്റെ ആരോഗ്യമേഖലയ്ക്ക് പ്രഥമ പരിഗണനയാണ് സർക്കാർ നൽകുന്നത്. ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി സാമൂഹികാരോഗ്യ കേന്ദ്രങ്ങളാക്കുകയാണ് സർക്കാർ ലക്ഷ്യം. ഇതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നിലവിൽ വയനാട്ടിൽ 16 ആശുപത്രികളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി. സർക്കാർ ആശുപത്രികൾ രോഗിസൗഹൃദമാക്കുക, ചികിത്സാ ചെലവ് കുറയ്ക്കുക, ആശുപത്രികൾ ഹൈടെക് ആക്കുക എന്നീ ലക്ഷ്യങ്ങളോടെ വിഭാവനം ചെയ്ത ആർദ്രം മിഷന്റെ ഭാഗമായാണ് ആരോഗ്യവകുപ്പിന്റെ ഊർജ്ജിത പ്രവർത്തനങ്ങൾ. രണ്ടു വർഷങ്ങൾക്കിടെ വിപ്ലവകരമായ മാറ്റങ്ങളാണ് ആരോഗ്യ മേഖലയിലുണ്ടായത്. നല്ലൂർനാട് കാൻസർ കെയർ സെന്ററിൽ ആരംഭിച്ച റേഡിയേഷൻ ചികിത്സ ആദിവാസികളടക്കമുള്ള നിർദ്ധന രോഗികൾക്ക് ആശ്വാസമാവുന്നു. വയനാട് ഹെൽത്ത് പ്രൊജക്റ്റിന്റെ ഭാഗമായി പട്ടികവർഗ ക്ഷേമവകുപ്പ് അംബേദ്കർ ട്രൈബൽ ആശുപത്രി എന്ന പേരിൽ ആരംഭിച്ചതാണ് നല്ലൂർനാട്ടിലെ ആതുരാലയം. 1996 ഡിസംബർ ഏഴിനാണ് ഇവിടെ ഒപി വിഭാഗം പ്രവർത്തനം ആരംഭിച്ചത്. 2002 ജൂൺ ഏഴിനു കിടത്തിച്ചികിത്സാ വിഭാഗം തുടങ്ങി. ജില്ലാ കളക്ടർ ചെയർമാനായ സൊസൈറ്റിയുടെ മേൽനോട്ടത്തിലായിരുന്നു ആശുപത്രി പ്രവർത്തനം. 2007 ഒക്ടോബർ 18നു പട്ടികവർഗ ക്ഷേമ വകുപ്പ് സ്ഥാപനം ആരോഗ്യ വകുപ്പിനു കൈമാറി. ഇതോടെ ആദിവാസി ഇതര വിഭാഗങ്ങൾക്കും ആശുപത്രിയുടെ സേവനം ലഭ്യമായി. പിന്നീട് ആതുരാലയത്തെ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തി സ്പെഷ്യലിസ്റ്റ് തസ്തികകൾ അനുവദിച്ചു. സ്വന്തമായുള്ള ഏഴര ഏക്കർ വളപ്പിലാണ് നല്ലൂർനാട് ആശുപത്രി കെട്ടിടസമുച്ചയം. ഒരേ സമയം 25 രോഗികളെ കിടത്തിച്ചികിത്സിക്കുന്നതിനുള്ള വാർഡുകളും മുറികളും ലാബോറട്ടറിയും എക്സ്റേ യൂണിറ്റ് ഉൾപ്പെടെ അനുബന്ധ സംവിധാനങ്ങളും ആശുപത്രിയിലുണ്ട്. ഒരേ സമയം 10 രോഗികൾക്ക് കീമോതെറാപ്പി നൽകാൻ ശേഷിയുള്ള മോണിറ്ററിംഗ് സംവിധാനത്തോടെയുള്ള വാർഡ് ആശുപത്രിയിലുണ്ട്. കാരുണ്യ പദ്ധതിയിൽ കാൻസർ ചികിത്സയ്ക്കുള്ള അംഗീകാരമുള്ളതാണ് സെന്റർ. ജില്ലാ ആശുപത്രിയെ അലട്ടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാവാൻ മൾട്ടി പർപസ് ബ്ലോക്ക് ഒരുങ്ങുകയാണ്. എട്ടു നിലകളിലായി അത്യാധുനിക സൗകര്യങ്ങൾ ഒരുക്കും. 45 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണം 10,880 ചതുരശ്രമീറ്ററാണ്. സ്റ്റോർ റൂം, റേഡിയോളജി റൂം, വെയ്റ്റിംഗ് റൂം, ലിഫ്റ്റ്, പാർക്കിംഗ് ഏരിയ, കിച്ചൻ, കാന്റീൻ, വാഷ് റൂം, എക്സ്റേ റൂം, 292 കിടക്കകൾ ഉൾക്കൊള്ളുന്ന വാർഡുകൾ, ടോയ്‌ലറ്റ് സൗകര്യങ്ങൾ, ഹോസ്പിറ്റൽ മാനേജ്മെന്റ് ഓഫീസ്, ട്രോളി റാമ്പ്, കൂട്ടിരിപ്പുകാർക്കുള്ള വിശ്രമമുറി, മഴവെള്ള സംഭരണി, സീവേജ് പ്ലാന്റ് തുടങ്ങിയ സൗകര്യങ്ങളാണ് സജ്ജീകരിക്കുക.

# അഭിമാനനിറവിൽ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രം



പാലക്കാട്: ദേശീയ ഗുണനിലവാര അംഗീകാരത്തിന്റെ നിറവിൽ കേരളത്തിന്റെ മികവാർന്ന ആരോഗ്യരംഗത്തിന് തിലകക്കുറിയായി മാറിയിരിക്കുകയാണ് ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രം. ചൂടും പൊടിയും കലർന്ന വരണ്ട കാറ്റിൽ സീൽക്കാരം പുറപ്പെടുവിക്കുന്ന കരിമ്പനകളുടെ നാടായ പാലക്കാടിന്റെ കിഴക്കേ അറ്റത്ത് രൂക്ഷമായ വരൾച്ചയും സാമൂഹികവും സാമ്പത്തികവും ഭാഷാപരവുമായ പിന്നോക്കാവസ്ഥയും നേരിട്ടിരുന്ന നാട്ടിൽ സംഭവബഹുലമായ മാറ്റത്തോടെയാണ് ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രം 97 ശതമാനം സ്കോറോടെ ഈ നേട്ടം കൈവരിച്ചിരിക്കുന്നത്.

കാലം 2002 അവസാനം, 'ആരംഭ സുഖാധാര നിലയം' എന്ന് തമിഴ് മൊഴിയിലും ലിപിയിലും രേഖപ്പെടുത്തിയിരുന്ന കേരള- തമിഴ്നാട് അതിർത്തിയിലെ ഏക ആതുരാലയം. കൂടിപ്പോയാൽ ആറോ ഏഴോ പേർ മാത്രം ദിവസേന ചികിത്സ തേടിയെത്തിയിരുന്ന കാലം. ചികിത്സയ്ക്ക് വന്നാൽ ഡോക്ടറെ കാണാൻ സാധിക്കില്ല എന്ന പേരിൽ ഒരു ജനത എഴുതിത്തള്ളിയിരുന്ന സ്ഥാപനം ഇന്ന് 20 വർഷങ്ങൾക്കിപ്പുറം അയൽ സംസ്ഥാനത്തെ ജനങ്ങൾ ഉൾപ്പെടെ ആയിരക്കണക്കിന് പേരുടെ ആശ്രയമായി മാറിയിരിക്കുകയാണ്. ആശുപത്രി സൂപ്രണ്ട് മുതൽ ശുചീകരണ തൊഴിലാളികൾ വരെയുള്ള സംഘത്തിന്റെ നിസ്തുലവും നിസ്വാർത്ഥവുമായ പ്രവർത്തനമാണ് ഈ നേട്ടത്തിന്റെ നട്ടെല്ല് .

ആശുപത്രിയിലെ അടിസ്ഥാനസൗകര്യങ്ങൾ, മാതൃ ശിശു ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം, ജീവിത ശൈലി രോഗ നിർണയം, പ്രതിരോധകുത്തിവെപ്പ്, ചികിത്സ ഗുണനിലവാരം രോഗികളുടെ അവകാശങ്ങളും സേവനങ്ങളും, അണുബാധ നിയന്ത്രണം, ദേശീയ ആരോഗ്യ പദ്ധതികളുടെ നടത്തിപ്പ്, പ്രസവവുമായി ബന്ധപ്പെട്ട സേവനങ്ങളുടെ ഗുണനിലവാരം, രോഗി പരിചരണം, ലബോറട്ടറി സേവനങ്ങൾ, അവശിഷ്ട നിർമാർജനം എന്നിങ്ങനെ 8 വിഭാഗങ്ങളിലായി 3500 ഓളം ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് എൻ ക്യു എ എസ് അംഗീകാരം നൽകുന്നത്.

ജില്ലാ, സംസ്ഥാന, ദേശീയതല പരിശോധനകൾക്ക് ശേഷമാണ് ആശുപത്രികളുടെ ഗുണനിലവാരമാനദണ്ഡം ഉറപ്പാക്കുന്നത്. ഇവയിൽ ഓരോ വിഭാഗത്തിലും 70% ത്തിൽ കൂടുതൽ മാർക്ക് നേടുന്ന സ്ഥാപനങ്ങൾക്കാണ് എൻക്യുഎഎസ് അംഗീകാരം നൽകുന്നത്. അംഗീകാരത്തിന് മൂന്നുവർഷത്തെ കാലാവധി ആണുള്ളത്. മൂന്ന് വർഷത്തിനുശേഷം ദേശീയതല സംഘത്തിന്റെ പുനഃപരിശോധന ഉണ്ടാകും. അഭിമാന നേട്ടത്തിനുള്ള ജില്ലയുടെ അനുമോദനം ഡി.എം.ഓ ഡോ.കെ.പി റീത്തയിൽ നിന്ന് വടകരപ്പതി പഞ്ചായത്ത് പ്രതിനിധികളും ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രം ജീവനക്കാരും ചേർന്ന് ഏറ്റുവാങ്ങി

# സാന്ത്വന പരിചരണ മേഖലയിലേക്ക് കൂടുതൽ പേർ കടന്നുവരണം: മന്ത്രി വി. ശിവൻകുട്ടി




തിരുവനന്തപുരം: സാന്ത്വന പരിചരണ മേഖലയിലേക്ക് കൂടുതൽ പേർ കടന്നുവരണമെന്ന് മന്ത്രി വി ശിവൻകുട്ടി. കേരള പാലിയേറ്റീവ് കെയർ ദിനാചരണത്തിന്റെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസും ആരോഗ്യകേരളവും സംയുക്തമായി സംഘടിപ്പിച്ച 'അരികെ' സാന്ത്വന സംഗമം പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സാന്ത്വന പ്രവർത്തനത്തിന് പകരം വയ്ക്കാൻ മറ്റൊന്നുമില്ലെന്നും ഈ മേഖലയിൽ പ്രവർത്തിക്കുന്നവരെ അഭിനന്ദിക്കുന്നുവെന്നും മന്ത്രി കൂട്ടിച്ചേർത്തു. പാലിയേറ്റീവ് രോഗികൾക്കുള്ള പ്രാഥമിക പരിചരണം വീട്ടിലുള്ള മറ്റംഗങ്ങൾ നിവർവഹിക്കുന്ന തലത്തിലേയ്ക്ക് മാറേണ്ടതായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

തിരുവനന്തപുരം ജില്ലയിൽ വിവിധ തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ 90 പ്രൈമറി യൂണിറ്റുകളിലായി 26,271 രോഗികളാണ് സാന്ത്വന പരിചരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിൽ 15,419 പേരെ വീടുകളിലെത്തിയും പരിചരിക്കുന്നുണ്ടെന്ന് റിപ്പോർട്ട് അവതരിപ്പിച്ച് ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ആശ വിജയൻ പറഞ്ഞു. മന്ത്രി ആന്റണി രാജു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ എൻ.സി.ഡി സംസ്ഥാന നോഡൽ ഓഫീസർ ഡോ. ബിപിൻ ഗോപാൽ സാന്ത്വന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. നൂറ് പാലിയേറ്റീവ് രോഗികൾക്ക് ഭക്ഷ്യ കിറ്റ് വിതണം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ, വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീകുമാർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ തുടങ്ങിയവർ പങ്കെടുത്തു. പരിപാടിയുടെ ഭാഗമായി പാലിയേറ്റീവ് രോഗികളുടേയും ജീവനക്കാരുടേയും വിവിധ കലാപരിപാടികൾ അരങ്ങേറി.

**താരമായി ശരണ്യ**

'അരികെ' സാന്ത്വന സംഗമ വേദിയിൽ പാലിയേറ്റീവ് രോഗിയും ക്യാൻസറിനോടൊപ്പം പൊരുതി ഒരു കാൽ നഷ്ടപ്പെട്ടിട്ടും തളരാതെ വേദിയിൽ നൃത്തച്ചുവടുവച്ച് പതിനാല് കാരിയായ ശരണ്യ താരമായി. പനവൂർ സ്വദേശിയായ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനിയെ ക്യാൻസർ രോഗം ബാധിച്ച് വലത്തേ കാൽ മുറിച്ചു മാറ്റേണ്ടി വന്നിട്ടും തളരാതെ ജീവിച്ചും ആടിയും പാടിയും സമാന അവസ്ഥയിലൂടെ കടന്നു പോകുന്നവർക്ക് മാതൃകയാവുകയാണവൾ. ആർ.സി.സി.യിൽ ചികിത്സ തേടുന്ന ശരണ്യയുടെ ഇടത്തേ കാലിനും രോഗം ബാധിച്ചിരിക്കുകയാണ്. എല്ലാ തരത്തിലും ആസ്വദിക്കാനുള്ളതാണ് ജീവിതമെന്നാണ് ശരണ്യയ്ക്ക് മറ്റുള്ളവരോട് പറയാനുള്ളത്.




# ഇടുക്കി ടൂറിസം ഫെസ്റ്റിൽ ശ്രദ്ധാകേന്ദ്രമായി ആരോഗ്യവകുപ്പിന്റെ സ്റ്റാൾ

ഇടുക്കി ജില്ലാ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി നടത്തിയ കാൽവരി ഫെസ്റ്റ് 2023-ൽ ജനപങ്കാളിത്തം കൊണ്ടും ആരോഗ്യാനുബന്ധിയായ അറിവുകൾ പകർന്നു നൽകിയും ആരോഗ്യ വകുപ്പിന്റെ സ്റ്റാൾ ശ്രദ്ധാകേന്ദ്രമായി. ജനുവരി 1 മുതൽ 30 വരെ ഇടുക്കി കാൽവരി മൗണ്ടിൽ വച്ച് നടത്തപ്പെട്ട പ്രദർശനത്തിൽ പി.ആർ.ഡി, ഫിഷറീസ്, ആയുർവേദ, ഹോമിയോ വകുപ്പുകളോടൊപ്പമാണ് ആരോഗ്യവകുപ്പിന്റെ സ്റ്റാളും അണിനിരന്നത്. ഏകദേശം ഒരു ലക്ഷത്തോളം ആളുകൾ സന്ദർശിച്ച സ്റ്റാളിൽ ആരോഗ്യ ബോധവത്കരണത്തിനുതകുന്ന രീതിയിൽ വിവിധ ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിക്കുന്ന സന്ദേശങ്ങളടങ്ങിയ ബോർഡുകൾ പ്രദർശിപ്പിക്കുകയും സന്ദർശകർക്കായി ലഘുലേഖകൾ വിതരണവും ചെയ്തു. തോട്ടം തൊഴിലാളികളുൾപ്പടെ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള വ്യത്യസ്ഥ ജീവിതസാഹചര്യങ്ങളിൽ നിന്നും വരുന്നവർക്ക് മേളയും പ്രദർശനവും ഏറെ അറിവുപകർന്ന അനുഭവമായി .

ആരോഗ്യ സേവനങ്ങൾ വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് ലഭ്യമാക്കുന്നതിനുതകുന്ന ഇ-സഞ്ജീവനി പദ്ധതിയെപ്പറ്റിയും ഇവ എങ്ങനെ ലഭ്യമാക്കാമെന്നുമുള്ള പരിശീലനവും സ്റ്റാൾ സന്ദർശിച്ചവർക്ക് നൽകുകയുണ്ടായി. ജീവിതശൈലീ രോഗനിയന്ത്രണ പരിപാടിയുടെ ഭാഗമായി സ്ക്രീനിംഗും, ബോധവൽക്കരണ പരിപാടികളും സ്റ്റാളുകളിൽ ക്രമീകരിച്ചിരുന്നു. ആർ.ബി.എസ്.കെ പദ്ധതിയുടേയും, ഡി.ഇ.ഐ.സി യുടെ പ്രചരണവും എക്സിബിഷൻ മുഖേന നടത്തി. കൂടതൽ മികവാർന്ന സൂകര്യങ്ങളുമായി പ്രവർത്തന നിലവാരം മെച്ചപ്പെടുത്തിയ ജില്ലയിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളടക്കമുള്ള ആരോഗ്യ സ്ഥാപനങ്ങളെപ്പറ്റിയും ഇവ വഴി ലഭ്യമായ സൗജന്യ സേവനങ്ങളെപ്പറ്റിയും സന്ദർശകർക്ക് അറിവ് നൽകി. കുട്ടികളും യുവജനങ്ങളും വയോജനങ്ങളും ഉൾപ്പടെയുള്ളവർ ഏറ്റെടുത്ത ഈ പ്രദർശനമേളയിൽ ആരോഗ്യ വകുപ്പിന്റെ സ്റ്റാളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ദേശീയ ആരോഗ്യ ദൗത്യവും, ജില്ലാ മെഡിക്കൽ ഓഫീസും സംയുക്തമായാണ് സംഘടിപ്പിച്ചത്.




# തോൽക്കാൻ ധന്യയ്ക്ക് മനസ്സില്ല

തൃശൂർ: തൃശൂർ ജനറൽ ആശുപത്രിയിലെ ആശയാണ് ധന്യ എം ബി. ജീവിതത്തിലെ കൈപ്പേറിയ അനുഭവങ്ങളിൽ നിന്നും ആശാപ്രവർത്തകയായി വന്ന ധന്യയ്ക്ക് കൗമാരത്തിൻറ്റെ വേദനിക്കുന്ന അനുഭവങ്ങളാണ് പങ്കുവയ്ക്കാനുള്ളത്. മൂന്ന് പെൺമക്കളുള്ള തന്റെ കുടുംബത്തിൽ അച്ഛന് പെട്ടിയോട്ടോ ഓടിക്കൽ ആണ് ജോലി. മറ്റ് വീടുകളിൽ വീട്ടുജോലിക്ക് പോയി അമ്മയും അച്ഛന് സഹായിയായി ജീവിക്കുന്ന ഒരു കുടുംബം. ഇതിനിടയിലാണ് രണ്ടാമത്തെ മകളായ ധന്യയ്ക്ക് തന്റെ കൗമാരപ്രായത്തിൽ അതായത് 20 വയസ്സ് പ്രായമുള്ളപ്പോൾ തലയുടെ പുറകിലായി വേദന അനുഭവപ്പട്ടു തുടങ്ങിയത്. എന്നാൽ ജീവിത സാഹചര്യം ചികിത്സാ ചെലവ് താങ്ങാൻ അനുവദിക്കാത്തതിനാൽ ചികിത്സ നടന്നില്ല. പിന്നീട് കൈകാലുകളിലേക്ക് വേദന വരികയും ശരീരത്തിന്റെ ഒരു ഭാഗം തന്നെ തളർന്ന് സംസാരശേഷി പോലും ഇല്ലാതാകുന്ന അവസ്ഥയായി . എന്നിട്ടും ഡോക്ടറെ കാണിക്കാൻ അവർക്ക് സാധിച്ചില്ല. പിന്നീട് ഒരു ദിവസം തളർന്നുവീണ ധന്യയെ മാതാപിതാക്കൾ തൃശ്ശൂർ അശ്വിനി ആശുപത്രിയിൽ എത്തിച്ചു. ജന്മനായുള്ള ചില പ്രശ്നങ്ങൾ കൊണ്ടാണ് ഈ ഒരു അവസ്ഥ ഉണ്ടായതെന്ന് ഡോക്ടർമാർ അഭിപ്രായപ്പെട്ടു. തുടർന്ന് മൂന്നുമാസം അശ്വനി ആശുപത്രിയിൽ ICU വിലും വാർഡിലുമായി കഴിച്ചുകൂട്ടി. ഏകദേശം ഒമ്പത് മാസത്തോളം ചികിത്സ തുടരുകയും ഒരുവിധം സ്വന്തം കാര്യങ്ങൾ ചെയ്യാനായി ധന്യ പ്രാപ്തയാവുകയും ചെയ്തു. അതിനു ശേഷം ഇരുപത്തിനാലാം വയസ്സിലായിരുന്നു ധന്യയുടെ വിവാഹം. കന്യാകുമാരിയിൽ ഉള്ള ഒരാളുമായി വിവാഹം ചെയ്തു പോയെങ്കിലും അവിടെ ചെന്നപ്പോൾ ഭർത്താവിൻറെ ക്രൂരമായ പീഡനങ്ങൾ ധന്യയ്ക്ക് സഹിക്കേണ്ടി വന്നു. ഈ ബന്ധത്തിൽ ധന്യയ്ക്ക് രണ്ട് ആൺകുട്ടികളും ഉണ്ട്. എന്നാൽ അധികം നാൾ ഭർത്താവിന്റെ വീട്ടിൽ തുടരാനായില്ല. ഒരു അസുഖക്കാരി ആണെന്നുള്ള ഭർത്താവിൻറെ ചിന്തമൂലം പീഡനങ്ങൾ ഏറിയതല്ലാതെ ഒട്ടും കുറച്ചില്ല. പിന്നീട് മക്കളെയും കൊണ്ട് ധന്യ സ്വന്തം വീട്ടിലേക്ക് തിരിച്ചു പോന്നു. എന്നാൽ കുടുംബത്തിൽ താനൊരു ഭാരമാണെന്നുള്ള തോന്നൽ ധന്യയെ വല്ലാതെ അലട്ടി കൊണ്ടിരുന്നു. അതിനാൽ പലവീടുകളിലും വീട്ടുജോലിക്ക് പോയി ചെറിയ ചെലവുകൾ നിർവഹിച്ചു. ഈ കാലത്താണ് വീടിനടുത്തുള്ള മൺപാത്രം നിർമ്മാണ ജോലി ചെയ്യുന്ന ഒരു ചേട്ടൻ ഉത്സവങ്ങളിൽ പോയി കരകാട്ടം അവതരിപ്പിക്കുന്നത് ശ്രദ്ധിച്ചത്. അവർക്ക് ഒരു ട്രൂപ്പും ഉണ്ടായിരുന്നു . ഒരു ദിവസം ധന്യ അവരെ സമീപിക്കുകയും മക്കളെ പോറ്റാനുള്ള സാമ്പത്തിക ബുദ്ധിമുട്ടു കാരണം തന്നെ കൂടി ചേർക്കാമോ എന്ന് അന്വേഷിക്കകയും ചെയ്തു. അവരുടെ കൂടെ ചേർന്ന് കരകാട്ടം പഠിച്ച ധന്യ 15 ഓളം വേദികളിൽ കല അവതരിപ്പിച്ചു. തനിക്കും മക്കൾക്കും ജീവിക്കണം എന്നുള്ള അടങ്ങാത്ത ആവേശത്തിൽ വീട്ടുപണികൾക്ക് പോയിരുന്ന ധന്യയ്ക്ക് ഇതിൽ നിന്നും ചെറിയൊരു സമ്പാദ്യം മുതൽക്കൂട്ടാനായി . ജീവിത പ്രതിബന്ധങ്ങൾ ധന്യയെ കരകാട്ടത്തിൽ കഴിവ് തെളിയിക്കാൻ പ്രാപ്തയാക്കി. ധന്യയുടെ ഒരു മകൻറെ വിദ്യാഭ്യാസ ചെലവുകൾ ദേവമാത സ്കൂൾ ആണ് വഹിച്ചിരുന്നത്. രണ്ടാമത്തെ മകൻറെ ചിലവുകൾ ചില മാതാപിതാക്കൾ ചേർന്ന് നടത്തിയിരുന്നെങ്കിലും പിന്നീട് അത് നിർത്തി. എന്നാൽ വില്ലനായി കോവിഡ് കാലമെത്തിയപ്പോൾ ഉത്സവ പരിപാടികൾ നിലച്ചു. സംഘത്തിലെ പലരും പലവിധ കൂലിപണികളിലേക്ക് തിരിഞ്ഞു. അപ്പോഴൊക്കെയും ആശ പ്രവർത്തകയായ ധന്യയ്ക്ക് തന്റെ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ ഉപകരിച്ചതും ആശാപ്രവർത്തനത്തിൽ നിന്നുള്ള ചെറിയൊരു വരുമാനം മാത്രമാണ്. ആദ്യ കാലങ്ങളിൽ തന്റെ സംസാരം വ്യക്തമല്ലാത്തതിനാൽ അന്യസംസ്ഥാനക്കാരിയാണെന്ന് തെറ്റിദ്ധരിച്ച് ആളുകൾ ധന്യയെ വീടുകളിൽ നിന്നകറ്റിയിരുന്നു. കൂടെ പ്രവർത്തിക്കുന്ന ആശമാരാണ് ഈ സമയങ്ങളിൽ ധന്യയ്ക്ക് തുണയായത്. എന്നാൽ കോവിഡിന് ശേഷം നാട്ടുകാരുടെ ആവശ്യങ്ങളറിഞ്ഞ് പ്രവർത്തിക്കുകയും എന്തിനും ഏതിനും മുൻപന്തിയിൽ നിന്ന് നാട്ടുകാർക്ക് തുണയാകുന്ന ധന്യ അവരുടെ പ്രിയങ്കരിയാണ്. സ്വന്തം ജവിതാനുഭവങ്ങളിൽ ഉൾക്കൊണ്ട പാഠങ്ങൾ നല്ലൊരു ആശയായി പ്രവർത്തിക്കുന്നതിനും സ്തുത്യർഹമായ സേവനം കാഴ്ചവെക്കുന്നതിനും ധന്യയ്ക്ക് എളുപ്പം സാധിച്ചു എന്നതിൽ അതിശയോക്തിയില്ല. ഇന്നും തന്റെ വൈകല്യങ്ങൾ പൂർണ്ണമായും സുഖപ്പെട്ടിട്ടില്ലെങ്കിലും വളരെ നല്ലൊരു കരകാട്ട കലാകാരിയായി വേദികളിൽ തിളങ്ങുന്നതിന് ധന്യ അഹോരാത്രം പ്രയത്നിച്ചു കൊണ്ടിരിക്കുന്നു.



എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഡയറക്ടറായി മൃൺമയി ശശാങ്ക് ജോഷി ഐ.എ.എസ് ചുമതലയേറ്റെടുത്തു.

# സാന്ത്വന പരിചരണത്തിൽ മികവോടെ കോട്ടയം ഗവ. മെഡിക്കൽ കോളേജ്



കോട്ടയം: ജില്ലയിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾക്ക് കരുത്തു പകർന്നു കൊണ്ട് കോട്ടയം ഗവ.മെഡിക്കൽ കോളേജിൽ 2022 മെയ് മാസം ആരംഭിച്ച ഒ.പി ചികിത്സയിലൂടെ ഇതുവരെ 2500 ൽ അധികം പേർക്ക് സേവനങ്ങൾ ലഭ്യമാക്കി. ശാരീരികമായ അവശതകൾ ചികിത്സിക്കുന്നതിനൊപ്പം രോഗിയും ബന്ധുക്കളും അനുഭവിക്കുന്ന മാനസികവും, സാമൂഹികവുമായ പ്രശ്നങ്ങൾ കൃത്യമായി കണ്ടെത്തി അവ പരിഹരിക്കുന്നതിനാണ് ഒ.പി തലത്തിൽ പാലിയേറ്റീവ് കെയർ ടീം പ്രവർത്തിക്കുന്നത്. കൂടാതെ ടെലി മെഡിസിൻ സംവിധാനമായ ഇ-സഞ്ജീവനി ഒ.പി.ഡി യുടെ പാലിയേറ്റീവ് കെയർ ഒ.പി.ഡി സൗകര്യവും മെഡിക്കൽ കോളേജിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പ്രൈമറി, സെക്കണ്ടറി തലങ്ങളിൽ നിന്നും, പാലിയേറ്റീവ് രോഗികൾ വീടുകളിൽ നിന്ന് നേരിട്ടും ഇ-സഞ്ജീവനിയുടെ പാലിയേറ്റീവ് കെയർ ഒ.പി.യിൽ ചികിത്സ നേടുന്നുണ്ട്. ഒ.പി ചികിത്സയോട് അനുബന്ധമായി 2022 ജൂൺ മാസത്തിലാണ് മെഡിക്കൽ കോളേജിൽ പാലിയേറ്റീവ് കെയർ വിഭാഗത്തിൽ കിടത്തി ചികിത്സ ആരംഭിച്ചത്. 14 ബെഡുകളോട് കൂടി ആരംഭിച്ച പാലിയേറ്റീവ് കെയർ വാർഡിൽ ഇതു വരെ 200-ൽ അധികം രോഗികൾ ചികിത്സ നേടി കഴിഞ്ഞു.

രോഗത്തിന്റെ തീക്ഷ്ണമായ അവശതകളിൽ വീടുകളിൽ നിന്നും മെഡിക്കൽ കോളേജുകളിലെ മറ്റ് വാർഡുകളിൽ നിന്നും എത്തുന്ന രോഗികൾക്ക് തികച്ചും ഗൃഹാന്തരീക്ഷം ജനിപ്പിക്കുന്ന വിധമാണ് വാർഡിലുള്ള രോഗീപരിചരണം, വായുസഞ്ചാരമുള്ള വാർഡ്, മ്യൂസിക്ക് തെറാപ്പി, വിനോദത്തിനായി ടെലിവിഷൻ, വർത്തമാനപത്രം എന്നിവ വാർഡിൽ സജ്ജമാക്കിയിട്ടുണ്ട്. തങ്ങളുടെ പ്രിയപ്പെട്ടവരെ ഏത് നേരവും കാണത്തക്ക വിധമാണ് വർഡിലെ രോഗി സന്ദർശന സമയം ക്രമീകരിച്ചിരിക്കുന്നത്. പാലിയേറ്റീവ് വാർഡിൽ എത്തുന്ന ഭൂരിഭാഗം രോഗികളും അനുഭവിക്കുന്ന അസഹനീയമായ ശാരീരിക വേദന, WHO മാനദണ്ഡ പ്രകാരമുള്ള Pain Management ലൂടെ പരമാവധി കുറയ്ക്കുന്നത് മൂലം രോഗികൾ അനുഭവിക്കുന്ന ആശ്വാസം വളരെയധികമാണ്. വേദനയോടൊപ്പം തന്നെ രോഗി അനുഭവിക്കുന്ന മറ്റ് ശാരീരിക അവശതകളും കൃത്യമായി കണ്ടെത്തി അവ ലഘൂകരിക്കുന്നതിനുള്ള പരിചരണം പാലിയേറ്റീവ് കെയർ യൂണിറ്റിൽ നൽകി വരുന്നു.

ശാരീരിക അവശതകളുടെ ചികിത്സയോടൊപ്പം തന്നെ രോഗിയും ബന്ധുക്കളും അനുഭവിക്കുന്ന മാനസികമായ പ്രയാസങ്ങൾ കണ്ടെത്തുന്നതിനും വേണ്ട നിർദ്ദേശങ്ങളും പിന്തുണ നല്കുന്നതിനും സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ എന്നിവർ ഉൾപ്പെട്ട ഒരു ടീം തന്നെ പാലിയേറ്റീവ് കെയർ യൂണിറ്റിൽ ഉണ്ട്. മറ്റൊരു ചികിത്സാ സംവിധാനത്തിലും ലഭിക്കാത്തത്ര മാനസികവും സാമൂഹികവും ആയ ആശ്വാസം രോഗികൾക്കും കുടുംബത്തിനും ഇതിലൂടെ ലഭിക്കുന്നു. ന്യൂറോസർജറി സംബന്ധമായ ചികിത്സക്ക് ശേഷം പാലിയേറ്റീവ് കെയറിനായി എത്തുന്ന രോഗികളിൽ ദീർഘകാലമുള്ള കിടപ്പ് മൂലമുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി ദിവസേന ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം വാർഡിൽ ലഭ്യമാണ്. അത്മൂലം രോഗികൾക്ക് കൃത്യമായ ഫിസിയോതെറാപ്പി കെയർ ലഭിക്കുകയും കുടുംബാംഗങ്ങളെ ഫിസിയോതെറാപ്പി നൽകാൻ പ്രാപ്തരാക്കുന്നതിലൂടെ രോഗിയുടെ ഗൃഹകേന്ദ്രീകൃത പരിചരണം കൂടുതൽ അനായാസമാകുന്നു. രോഗികൾക്ക് ആവശ്യമുള്ള പക്ഷം spiritual support നൽകുന്നതിനായി chaplain service ഉം യൂണിറ്റിൽ ലഭ്യമാണ്.

# പെരിന്തൽമണ്ണ ജില്ലാശുപത്രിയിൽ പുതിയ ഒ.പി യാഥാർത്ഥ്യമാകുന്നു



മലപ്പുറം: പെരിന്തൽമണ്ണ ജില്ലാശുപത്രിയെ ആശ്രയിക്കുന്ന പൊതുജനങ്ങളുടെ ആരോഗ്യ സുരക്ഷ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കേരള സർക്കാരിന്റെ നവകേരള കർമ്മ പദ്ധതി 2 ൽ ഉൾപ്പെടുത്തി ആതുരാലയങ്ങളിൽ അടിസ്ഥാന സൗകര്യം ഒരുക്കുക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പെരിന്തൽമണ്ണ ജില്ലാശുപത്രിയിൽ പുതിയ ഒ.പി ബ്ലോക്കിന്റെ നിർമ്മാണത്തിന് തുടക്കം കുറിക്കുന്നു. ആരോഗ്യകുടുംബക്ഷേമ വകുപ്പ് എൻഎച്ച്എം മുഖേന 1.26 ഒരു കോടി രൂപ വകയിരുത്തിയാണ് നിർമ്മിക്കുന്നത്.

സ്ഥല പരിമിതിമൂലം ഏറെ ബുദ്ധിമുട്ടിലായ പെരിന്തൽമണ്ണ ജില്ലാശുപത്രിക്ക് ഏറെ അനുഗ്രഹമാകും ഈ പുതിയ ഒ.പി. കെട്ടിടം. മൂന്നു നിലകളിലായാണ് കെട്ടിടം നിർമ്മിക്കുക. ചെസ്റ്റ് ഒ.പി., സർജറി ഒ.പി., ജനറൽ ഒ.പി., മെഡിസിൻ ഒ.പി., ഓങ്കോളജി ഒ.പി., ഓർത്തോ ഒ.പി, ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ, എൻ.സി.ഡി. ക്ലിനിക്ക് ആന്റ് ഡയറ്റീഷൻ തുടങ്ങിയവ ഗ്രൗണ്ട് ഫ്ളോറിലും ഇ.എൻ.ടി., ഡെന്റൽ, ഡെർമറ്റോളജി, ഫിസിയോളജി, ഒഫ്താൽമോളജി, ടെലിമെഡിസിൻ തുടങ്ങിയവ ഫസ്റ്റ് ഫ്ളോറിലും ആണ് തയ്യാറാക്കുക.

ആധുനിക സൗകര്യങ്ങളോട് കൂടിയ പുതിയ ഒ.പി. കെട്ടിടം വരുന്നതിനാൽ ജനങ്ങൾക്ക് ഉണ്ടാകുന്ന നേട്ടം സ്ത്രീകളുടെയും കുട്ടികളുടെയും ഒ.പി.കൾ ഒഴിച്ച് എല്ലാ speciatly and general ഒ.പി. കളുടെയും സേവനം ഒറ്റ കെട്ടിടത്തിലേക്ക് മാറുന്നു. എല്ലാ സ്പെഷ്യാലിറ്റി ഒ.പി. കളും ഇതുവഴി ഒരു സ്ഥലത്ത് കേന്ദ്രീകരിക്കാൻ സാധിക്കുന്നു. കെട്ടിടം പണിയാനുദ്ദേശിക്കുന്ന സ്ഥലത്തെ ഉപയോഗ ശൂന്യമായി പേവാർഡ് പൊളിച്ചാണ് പുതിയ കെട്ടിടം പണിയുക. പെരിന്തൽമണ്ണ ജില്ലാശുപത്രിയിൽ നടപ്പിലാക്കി വരുന്ന വിവിധ വികസന പദ്ധതികളുടെ ഭാഗമായാണ് ഈ നിർമ്മാണ പ്രവർത്തനങ്ങളും. ഇതുമൂലം അനിയന്ത്രിതമായ തിരക്ക് കുറക്കാനും അതുവഴി ഗുണനിലവാരം ഉള്ളതും രോഗി കേന്ദ്രീകൃതവുമായ ഡോക്ടറുടെ പരിചരണം കൂടുതൽ സൗകര്യത്തോടെ രോഗികളിലേക്ക് എത്തിക്കാനും സാധിക്കുന്നു. കാലതാമസം കൂടാതെ ഡോക്ടറെ കാണാനും രോഗനിർണയം നടപ്പിലാക്കാനും സാധിക്കും.



# കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ പുതുചരിത്രം കുറിച്ച് വിജയകരമായി ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയ നടത്തി



കാസർഗോഡ്: ജില്ലയിലെ പൊതുജനാരോഗ്യ മേഖലയിലെ ചികിത്സാ സംവിധാനത്തിൽ സുപ്രധാന ചുവടുവെപ്പുമായി കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കാത്ത് ലാബിൽ ആൻജിയോപ്ലാസ്റ്റി നടത്തി. സർക്കാർ സംവിധാനത്തിൽ ജില്ലയിൽ ആദ്യമായി ഒരു രോഗിക്ക് വിജയകരമായി ആൻജിയോപ്ലാസ്റ്റി നടത്തിയെന്നതാണ് ഇതിന്റെ പ്രത്യേകത. ഹൃദയത്തിന്റെ രക്ത ധമനികളിലുണ്ടാകുന്ന ബ്ലോക്കുകൾ എളുപ്പത്തിൽ കണ്ടെത്തുന്നതിനും ശരിയായ സമയത്ത് ചികിത്സ ആരംഭിക്കുന്നതിനും ഏറെ ഉപയോഗപ്രദമായ ആൻജിയോഗ്രാം പരിശോധന, പരിശോധനയിലൂടെ കണ്ടെത്തുന്ന ബ്ലോക്കുകൾ നീക്കം ചെയ്യുന്ന ആൻജിയോപ്ലാസ്റ്റി എന്നിവ ലഭ്യമാകുന്ന ജില്ലയിലെ ആദ്യത്തെ സർക്കാർ സ്ഥാപനമായി ഇതോടെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി മാറിയിരികികുകയാണ്. ഹൃദയാഘാതത്തെ തുടർന്ന് ജില്ലാ ആശുപത്രിയിൽ ചികിത്സ തേടിയെത്തിയ കാഞ്ഞങ്ങാട് ചാമുണ്ടിക്കുന്ന് സ്വദേശിയായ 60 വയസ്സുകാരനാണ് ആൻജിയോപ്ലാസ്റ്റിയിലൂടെ ജീവിതം തിരിച്ച് കിട്ടിയത്. രോഗിയുടെ ആരോഗ്യ നില തൃപ്തികരമായി തുടരുന്നു. രോഗിയുടെ ഹൃദയ പരിശോധനയും (ആൻജിയോഗ്രാം) ജില്ലാ ആശുപത്രിയിൽ തന്നെയാണ് ചെയ്തത്. സർക്കാരിന്റെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ സൗജന്യമായാണ് ആൻജിയോപ്ലാസ്റ്റി നടത്തിയത്.

8 കോടി രൂപ ചെലവിട്ടാണ് ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് സജ്ജമാക്കിയത്. സങ്കീർണ്ണമായ ഹൃദയ ചികിത്സകൾക്ക് ഇതര ജില്ലകളിലേയും മംഗളുരുവിലേയും ആശുപത്രികളെ ആശ്രയിച്ച ജനങ്ങൾക്ക് ഇത് വലിയ ആശ്വാസമായി മാറും. നിലവിൽ കാത്ത് ലാബ് സി സി യു വിൽ 7 കിടക്കകളാണ് ഒരുക്കിയിരിക്കുന്നത്.

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ആൻജിയോഗ്രാം പരിശോധന തുടങ്ങി ഒരു മാസത്തിനകം തന്നെ ആൻജിയോ

# മൂന്ന് മണ്ഡലങ്ങളിൽ സ്ഥിരം ഐസൊലേഷൻ വാർഡ് സജ്ജം





കൊല്ലം : കോവിഡ് ഉൾപ്പെടെയുള്ള സാംക്രമിക രോഗ ബാധിതർക്കായി പ്രത്യേക ഐസൊലേഷൻ വാർഡുകൾ സജ്ജമാക്കി ആരോഗ്യ വകുപ്പ്. നെടുമ്പന സാമൂഹികാരോഗ്യ കേന്ദ്രം, തെക്കുംഭാഗം സാമൂഹികാരോഗ്യകേന്ദ്രം, നെടുങ്ങോലം താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലാണ് വാർഡ് പ്രവർത്തനമാരംഭിച്ചത്. ഓരോ നിയോജക മണ്ഡലത്തിലും ഒരു സ്ഥിരം ഐസൊലേഷൻ വാർഡ് എന്ന പദ്ധതിയുടെ ഭാഗമായാണ് ഇവ സജ്ജമാക്കിയത്. നിലവിൽ ഉദ്ഘാടനം പൂർത്തിയാക്കിയ വാർഡുകൾ കുണ്ടറ, ചവറ, ചാത്തന്നൂർ നിയോജക മണ്ഡലങ്ങളിലായാണ് പ്രവർത്തിക്കുന്നത്. കുന്നത്തൂർ നിയോജക മണ്ഡലത്തിലെ ശൂരനാട് നോർത്ത്, കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ഓച്ചിറ, ചടയമംഗലം നിയോജക മണ്ഡലത്തിലെ വെളിനല്ലൂർ, പുനലൂർ നിയോജക മണ്ഡലത്തിലെ അഞ്ചൽ എന്നി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡുകളുടെ നിർമാണം ഉടൻ പൂർത്തിയാകുന്നതാണ്. കൊല്ലം, ഇരവിപുരം, പത്തനാപുരം മണ്ഡലങ്ങളിലെ വാർഡ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തൽ നടപടികൾ പുരോഗമിക്കുന്നു.

ഓക്സിജൻ സിലിണ്ടറുകൾ സഹിതമുള്ള 10 കിടക്ക വീതമാണ് ഓരോ വാർഡിനും ഒരുക്കിയിട്ടുള്ളത്. ഓക്സിജൻ ക്ഷാമം മറി കടക്കുന്നതിനുള്ള പ്ലാന്റും സജ്ജമാണ്.

എം.എൽ.എ, കിഫ്ബി ഫണ്ടുകളിൽ നിന്നായി 19.69 കോടി രൂപ വിനിയോഗിച്ചാണ് ജില്ലയിലെ 11 മണ്ഡലങ്ങളിലും വാർഡുകൾ സജ്ജമാക്കുന്നത്. കോവിഡ് രൂക്ഷമായ സാഹചര്യത്തിൽ സ്റ്റേഡിയങ്ങൾ, സ്കൂളുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലാണ് ഇത്തരത്തിൽ വാർഡുകൾ സജ്ജമാക്കിയത്. വാർഡുകൾ സജ്ജമാക്കുന്നതിൽ ഉണ്ടാകുന്ന അമിത ചിലവും പിന്നീട് ഇവ നീക്കം ചെയ്തു പഴയ രുപത്തിലാക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടവും വളരെ വലുതായിരുന്നു, കൂടാതെ രോഗികളെ ഒരുപാട് ദൂരെ നിന്നും ഇവിടേയ്ക്ക് എത്തിക്കുന്നതിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്നിവ കണക്കിലെടുത്തും പൊതുജനോപകാര പ്രദമായി ആരോഗ്യ സേവനങ്ങൾ നൽകുവാനും ലക്ഷ്യം വെച്ചാണ് ഇത്തരത്തിൽ ഐസൊലേഷൻ വാർഡുകൾ ഓരോ മണ്ഡലത്തിലും സജ്ജമാക്കുന്നത്

# 'കൂടെ' സാന്ത്വനപരിചരണത്തിൽ വിദ്യാർത്ഥി പങ്കാളിത്തം



എറണാകുളം: ജില്ലയിലെ പാലിയേറ്റീവ് രോഗികൾക്ക് സാന്ത്വനമേകുവാൻ കൂടെ സാന്ത്വനപരിചരണപരിപാടിക്ക് തുടക്കം കുറിച്ചു. സാന്ത്വനപരിചരണത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പ്രോത്സാഹനം നൽകാനും ഉദ്ദേശിച്ച് ജില്ലയിൽ നടപ്പിലാക്കുന്ന പരിപാടിയാണ് 'കൂടെ' - പാലിയേറ്റീവ് പരിചരണത്തിൽ വിദ്യാർത്ഥികളുടെ സംരംഭം (Koode - Student's Initiative in Palliative Care).

തേവര സേക്രഡ് ഹാർട്ട് കോളേജിൽ നടന്ന പാലിയേറ്റീവ് ദിനാചരണത്തിന്റെ ഭാഗമായി നടന്ന ചടങ്ങിൽ സാഹിത്യകാരനും മനുഷ്യാവകാശപ്രവർത്തകനുമായ പ്രൊഫ. എം കെ സാനു പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. എറണാകുളത്തിന്റെ സമീപ പ്രദേശങ്ങളിലും മറ്റും താമസിക്കുന്ന കിടപ്പുരോഗികൾക്ക് സാന്ത്വനമേകാൻ ലക്ഷ്യമിട്ടാണ് കൂടെ എന്ന പേരിൽ സാന്ത്വന പരിചരണം ആസൂത്രണം ചെയ്തിരിക്കുന്നത്. തേവര സേക്രഡ് ഹാർട്ട് കോളേജ് എൻ എസ് എസ് യൂണിറ്റ്, എറണാകുളം ജനറൽ ആശുപത്രി, പാലിയേറ്റീവ് കെയർ വിഭാഗം, ദേശീയ ആരോഗ്യദൗത്യം എന്നിവയുടെ ആഭിമുഖ്യത്തിലാണ് പരിപാടിക്ക് തുടക്കമിട്ടത്.

കിടപ്പിലായ രോഗികൾക്ക് സാന്ത്വമേകാനും ആത്മവിശ്വാസം വർദ്ധിപ്പിക്കാനും വിദ്യാർത്ഥികളുടെ ഇടപെടലിലൂടെ സാധിക്കുമെന്നാണ് കരുതുന്നത്. ഇതിനുതകുന്ന വിധത്തിലുള്ള പരിശീലനങ്ങൾ വിദ്യാർത്ഥികൾക്ക് നൽകിവരുന്നുണ്ട്. ജില്ലയിലെ കൂടുതൽ കോളേജുകളിലേക്ക് ഈ പരിപാടി വ്യാപിപ്പിക്കാനും കൂടുതൽ വളണ്ടിയർമാരുടെ സേവനം ഈ രംഗത്ത് പ്രയോജനപ്പെടുത്താനുമുള്ള ശ്രമത്തിന്റെ ഭാഗമായാണ് 'കൂടെ' പരിപാടിക്ക് തുടക്കമിടുന്നത്.

ജില്ലയിൽ പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി വളണ്ടിയർമാർക്കുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. താത്പര്യമുള്ളവർക്ക് പരിശീലനത്തിന് സാഹചര്യമൊരുക്കുന്ന വിധത്തിലാണ് ഇതിനായുള്ള സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുള്ളത്. ഇതിന്റെ തുടർച്ചയായാണ് വിദ്യാർത്ഥികളെ കൂടി പങ്കാളികളാക്കുന്നതിനുള്ള ശ്രമം നടത്തുന്നതെന്ന് ദേശീയ ആരോഗ്യദൗത്യം ജില്ല പ്രോഗ്രാം മാനേജർ ഡോ അജയ് മോഹൻ പറയുന്നു.

കൂടുതൽ വളണ്ടിയർമാരെ കണ്ടെത്തുന്നതിനും പാലിയേറ്റീവ് പരിചരണരംഗത്ത് ജനകീയമായ കൂട്ടായ്മ ഒരുക്കുന്നതിനും ഉതകുന്ന വിധത്തിലുള്ള സംവിധാനങ്ങൾ ജില്ലയിൽ ഇതിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. മേയർ അഡ്വ. കെ അനിൽകുമാർ, ടി ജെ വിനോദ് എം എൽ എ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ കെ സവിത, ഡോ അതുൽ മാനുവേൽ ജോസഫ്, പാലിയേറ്റീവ് കോഡിനേറ്റർ ലൗവ്യ തുടങ്ങിയവർ പങ്കെടുത്തു.



# സെന്റർ ഓഫ് എക്സലൻസ് രോഗികളുടെ രജിസ്ട്രേഷൻ ഈ മാസം മുതൽ: മന്ത്രി വീണാ ജോർജ്

**എസ്.എ.ടി. ആശുപത്രിയിൽ പ്രത്യേക കൺട്രോൾ റൂം • ആദ്യമായി ജെനിറ്റിക്സ് ഡിപ്പാർട്ട്മെന്റ് ആരംഭിക്കും**

തിരുവനന്തപുരം: തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയിൽ സെന്റർ ഓഫ് എക്സലൻസിന്റെ ഭാഗമായി അപൂർവ രോഗങ്ങൾക്കുള്ള രജിസ്ട്രേഷൻ ഈ മാസം മുതൽ ആരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അപൂർവ രോഗങ്ങളുമായി ബന്ധപ്പെട്ടുള്ള രോഗികൾക്കും കുടുംബത്തിനുമുള്ള സംശയ നിവാരണം, സെന്റർ ഓഫ് എക്സലൻസ് പൂർണമായും

പ്രയോജനപ്പെടുത്താൻ ചെയ്യേണ്ട കാര്യങ്ങൾ, ലഭ്യമായ ചികിത്സാ സൗകര്യങ്ങൾ എന്നിവയെക്കുറിച്ച് അറിയുന്നതിനുമായി പ്രത്യേക കൺട്രോൾ റൂം സ്ഥാപിക്കും. പ്രത്യേക പരിശീലനം സിദ്ധിച്ച ജീവനക്കാരെ ഹെൽപ്പ് ഡെസ്കിൽ നിയമിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. എസ്.എ.ടി. ആശുപത്രിയുടെ സെന്റർ ഓഫ് എക്സലൻസ് പ്രവർത്തനങ്ങൾ വിലയിരുത്താൻ കൂടിയ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിൽ എവിടെ അപൂർവ രോഗം കണ്ടുപിടിച്ചു കഴിഞ്ഞാലും എസ്.എ.ടി. ആശുപത്രിയിലെ സെന്റർ ഓഫ് എക്സലൻസ് വഴിയായിരിക്കണം രജിസ്റ്റർ ചെയ്യേണ്ടത്. ഇവർക്ക് സെന്റർ ഓഫ് എക്സലൻസ് പദ്ധതി വഴി അതത് ആശുപത്രികളിൽ ചികിത്സ ലഭിക്കും. ഇതിനായുള്ള അധിക സൗകര്യവും കൂടുതൽ ജീവനക്കാരുടെ സേവനവും ഉറപ്പ് വരുത്താനുള്ള പ്രവർത്തനമാരംഭിക്കാനും മന്ത്രി നിർദേശം നൽകി. സെന്റർ ഓഫ് എക്സലൻസ് പ്രവർത്തനം ആരംഭിക്കുന്നതോടൊപ്പം എസ്.എ.ടി. ആശുപത്രിയുടെ മൊത്തത്തിലുള്ള ഗുണനിലവാരവും ഉയർത്താനും ഉറപ്പ് വരുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും മന്ത്രി സൂപ്രണ്ടിന് നിർദേശം നൽകി.

മെഡിക്കൽ കോളേജുകളിൽ ആദ്യമായി എസ്.എ.ടി. ആശുപത്രിയിൽ അപൂർവ രോഗങ്ങളുടെ ചികിത്സയ്ക്ക് മാത്രമുള്ള ജനിറ്റിക്സ് ഡിപ്പാർട്ട്മെന്റ് സ്ഥാപിക്കുന്നതാണ്. സൗകര്യങ്ങൾ വർധിപ്പിച്ച് പിജി കോഴ്സ് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ മന്ത്രി നിർദേശം നൽകി.

കേന്ദ്ര ആരോഗ്യ മന്ത്രാലയം അപൂർവ രോഗങ്ങൾക്ക് വേണ്ടിയുള്ള സെന്റർ ഓഫ് എക്സലൻസ് പട്ടികയിൽ എസ്.എ.ടി. ആശുപത്രിയെ ഉൾപ്പെടുത്തിയിരുന്നു. ഇതോടെ രാജ്യത്തെ പ്രധാന ആശുപത്രികളുടെ പട്ടികയിൽ എസ്.എ.ടി.യും ഇടംപിടിച്ചു. അപൂർവ രോഗങ്ങൾ കണ്ടെത്തുന്നതിലും ചികിത്സയിലും ഗവേഷണത്തിലും വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ ഇതിലൂടെ സാധിക്കും.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ആശ തോമസ്, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ടിങ്കു ബിസ്വാൾ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. കലാകേശവൻ, എസ്.എ.ടി. ആശുപത്രി സൂപ്രണ്ട് ഡോ. ബിന്ദു, റെയർ ഡിസീസസ് സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. ശങ്കർ, ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർ ഡോ. ശ്രീഹരി എന്നിവർ യോഗത്തിൽ പങ്കെടുത്തു.





# 'നാളെയുടെ പുഞ്ചിരിക്കായി...' ഓട്ടൻതുള്ളൽ വേദിയിലേക്ക്



*തുമ്പപൂ പോലുള്ളൊരു*
*പല്ലുകൾ ...*
*കണ്ടാൽ പിന്നെ*
*കേമം തന്നെ ....*
*വ്യക്തിത്വത്തിൻ അടയാളങ്ങൾ*
*സുന്ദരമാമീ പല്ലുകൾ തന്നെ ....*

*വദനാരോഗ്യം സംരക്ഷിക്കാൻ..*
*മാലോകർക്ക് ഒന്നിച്ചീടാം...*
*വ്യക്തിത്വത്തിൻ അടയാളങ്ങൾ*
*സുന്ദരമാമീ പല്ലുകൾ തന്നെ ....*

ഓട്ടൻ തുള്ളൽ കൊട്ടി കയറിയപ്പോൾ നിറപുഞ്ചിരിയോടെ സദസ്സും ഏറ്റുപാടി ...

കണ്ണൂർ: സ്കൂൾ കുട്ടികൾ ഉൾപ്പെടെ പൊതുസമൂഹത്തിലെ പകുതിയിലധികം പേരെയും ബാധിച്ചിരിക്കുന്ന ദന്ത-വദന രോഗങ്ങൾക്കെതിരെ ആക്ഷേപ ഹാസ്യത്തിലൂടെ പൊതു സമൂഹത്തെ ഉണർത്താൻ ഓട്ടൻ തുള്ളൽ കലാരൂപത്തിലൂടെ ബോധവത്കരണം. ആരോഗ്യ വകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം, കണ്ണൂർ ജില്ലാ ആശുപത്രി ദന്ത വിഭാഗം എന്നിവയുടെ നേതൃത്വത്തിലാണ് വേറിട്ടതും, ജന ശ്രദ്ധയാകർഷിച്ചതുമായ ബോധവത്കരണ പരിപാടി നടന്നത്. പൊതുജനാരോഗ്യ ബോധവത്കരണത്തിന് നോട്ടീസും, ക്ലാസ്സുകളും, ബോർഡുകളും മാത്രം മതിയാകുന്നില്ലെന്ന തിരിച്ചറിവിൽ ആണ് ഒരു കാലത്ത് സാമൂഹ്യ വ്യവസ്ഥിതിയിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ച, 300 വർഷം പഴക്കമുള്ള ജനകീയ കലയായ ഓട്ടൻ തുള്ളൽ എന്ന കലാരൂപത്തെ പ്രയോജനപ്പെടുത്താൻ തീരുമാനിച്ചത്.

സംസ്ഥാനത്തെ തന്നെ പ്രശ്സത ഓട്ടൻ തുള്ളൽ കലാകാരനായ കുഞ്ചൻ അവാർഡ് ജേതാവ് രത്നകുമാർ കരിവെള്ളൂർ ആണ് അവതരണം. കണ്ണൂർ ജില്ലാ ആശുപത്രിയിലെ സീനിയർ ഡന്റൽ ഹൈജീനിസ്റ്റ് അജയ കുമാർ കരിവെള്ളൂരിന്റേതാണ് ആശയവും, രചനയും. 'നാളെയുടെ പുഞ്ചിരിക്കായി' എന്ന് പേരിട്ടിരിക്കുന്ന ബോധവൽക്കരണ ഓട്ടൻ തുള്ളലിന് 40 മിനിറ്റാണ് ദൈർഘ്യം. പിൻ പാട്ട് - പയ്യന്നൂർ കൃഷ്ണൻ കുട്ടി മാസ്റ്ററും, മൃദംഗം - മനോജ് വെളൂരുമാണ് നിർവ്വഹിച്ചത്. സംസ്ഥാനത്ത് ആദ്യമായാണ് വദനാരോഗ്യ ബോധവത്കരണത്തിന് ഓട്ടൻ തുള്ളൽ എന്ന ആശയം ആവിഷ്കരിക്കുന്നത്.

സമൂഹത്തിൽ എൺപത് ശതമാനത്തോളം പേരിലും പ്രത്യേകിച്ച് കുട്ടികളിലും ദന്തക്ഷയവും മോണ രോഗവും കാണപ്പെടുന്നു. ശരിയായ ബോധവൽക്കരണത്തിലൂടെ ദന്ത-വദന രോഗങ്ങളെ ഒരു പരിധിവരെ തടഞ്ഞു നിർത്താൻ സാധിക്കും. ആക്ഷേപഹാസ്യത്തിന്റെ മേമ്പൊടി ചേർത്ത് തയ്യാറാക്കിയ ഓട്ടൻതുള്ളൽ ജനകീയ ആരോഗ്യമെന്ന ആശയവുമായി പുതിയ രൂപത്തിൽ ആണ് വേദിയിലേക്ക് എത്തിയത്. ദന്തക്ഷയം, മോണ രോഗം, വായയിലെ കാൻസർ, ശരിയായ ദന്ത സംരക്ഷണത്തിന്റെ ആവശ്യകത എന്നിവയെല്ലാം നർമത്തോടെയാണ് അവതരിപ്പിക്കുന്നത്. കണ്ണൂർ അഴിക്കോട് സാന്ത്വനം വയോജന കേന്ദ്രം, അഴിക്കോട് സൗത്ത് എൽ പി സ്കൂൾ, ചൊവ്വ ധർമ്മസമാജം യുപി സ്കൂൾ എന്നിവിടങ്ങളിൽ ഓട്ടൻതുള്ളൽ അരങ്ങേറി.

# സംസ്ഥാനത്തെ ആദ്യ മദർ ന്യൂബോൺ കെയർ യൂണിറ്റ് കോഴിക്കോട് ഗവ: മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ ആരംഭിച്ചു.

**നവജാതശിശുക്കൾ തീവ്രപരിചരണത്തിലാവുമ്പോൾ ഇനി അമ്മമാർക്കും ഒപ്പം നിൽക്കാം**



കോഴിക്കോട്: സംസ്ഥാനത്ത് ആദ്യമായി അമ്മയ്ക്കും കുഞ്ഞിനും ഒരുമിച്ചുള്ള പരിചരണത്തിനായുള്ള മദർ ന്യൂബോൺ കെയർ യൂണിറ്റ് (MNCU) കോഴിക്കോട് മെഡിക്കൽ കോളേജ് മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ ആരംഭിച്ചു. ഇതിന്റെ ഉദ്ഘാടനം 2023 ജനുവരി 2 ന് ബഹു. ആരോഗ്യവും വനിത ശിശു വികസനവും വകുപ്പ് മന്ത്രി ശ്രീമതി. വീണാ ജോർജ് നിർവ്വഹിച്ചു. നിലവിൽ രാജ്യത്തെ അപൂർവ്വം ചില ആരോഗ്യ കേന്ദ്രങ്ങളിൽ മാത്രം പ്രവർത്തിവരുന്ന ഈ സംവിധാനം കേരള സർക്കാർ നാഷണൽ ഹെൽത്ത് മിഷന്റെ സഹകരണത്തോടുകൂടിയാണ് സംസ്ഥാനത്ത് ആദ്യമായി കോഴിക്കോട് മെഡിക്കൽ കോളേജിലെ നവജാത ശിശു വിഭാഗത്തിൽ നടപ്പിലാക്കുന്നത്.

നവജാതശിശുക്കളുടെ പരിചരണത്തിൽ അമ്മമാരുടെ സാന്നിധ്യം ഉറപ്പാക്കികൊണ്ടുള്ള ചികിത്സ പദ്ധതിയാണ് എം.എൻ.സി.യു. ഇതിലൂടെ മാതൃശിശു ബന്ധം ഊട്ടിയുറപ്പിക്കുന്നതിനോടൊപ്പം നവജാതശിശു പരിചരണവും കരുതലും മുലയൂട്ടലും കൂടുതൽ ശക്തമാവുന്നു. ഇതിലൂടെ കുഞ്ഞിന്റെ വേഗത്തിലുള്ള രോഗമുക്തിയും കുറഞ്ഞ ആശുപത്രിവാസവും ഉറപ്പാക്കാൻ കഴിയും. കുഞ്ഞുങ്ങളുടെ പരിചരണത്തിൽ അമ്മമാരുടെ പങ്കാളിത്തം ഉറപ്പാക്കികൊണ്ടുള്ള ചികിത്സയാണിത്. ആഗോളതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു നൂതന ആശയമാണിത്.

തീവ്രപരിചരണ വിഭാഗത്തിൽ അമ്മയ്ക്കും കുഞ്ഞിനും ഒരു മിച്ചുള്ള പരിചരണ സംവിധാനം ലഭ്യമാകുന്ന എം.എൻ.സി.യു കേന്ദ്രീകൃത ശീതീകരണ സൗകര്യത്തോടുകൂടിയാണ് ഒരുക്കിയിട്ടുള്ളത്.

NHM ROP 2021-2022 ൽ 70 ലക്ഷം രൂപയാണ് പദ്ധതിയ്ക്ക് വേണ്ടി അനുവദിച്ചിട്ടുള്ളത്. 8 വർമറുകളും മൾട്ടി പാരാമോണിറ്ററുകളും ഫോട്ടോതെറാപ്പിയും ഉൾപ്പെട്ട അതിതീവ്ര പരിചരണവിഭാഗവും ലെവൽ 1, ലെവൽ 2 മുറികളിലായി നവജാതശിശുക്കളുടെ പരിചരണത്തിനായി 12 ബേബി വർമറുകൾ സ്ഥാപിക്കുന്നതിന് വേണ്ട സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഇത് കൂടാതെ കൗൺസിലിംഗ് റൂം സ്റ്റാഫുകൾക്ക് ആവശ്യമായ സൗകര്യങ്ങളും എം.എൻ.സി.യുവിൽ ഒരുക്കിയിട്ടുണ്ട്. നവജാതശിശു ചികിത്സ മേഖലയിൽ ഈ സംരംഭം ഒരു നാഴികകല്ലായിമാറും എന്ന് പ്രതീക്ഷിക്കുന്നു.

# എസ്.എ.ടി. ആശുപത്രിയെ സെന്റർ ഓഫ് എക്സലൻസാക്കി ഉയർത്തി

തിരുവനന്തപുരം: തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയെ കേന്ദ്ര ആരോഗ്യ മന്ത്രാലയം അപൂർവ രോഗങ്ങൾക്ക് വേണ്ടിയുള്ള സെന്റർ ഓഫ് എക്സലൻസ് പട്ടികയിൽ ഉൾപ്പെടുത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കേരളത്തെ സംബന്ധിച്ച് ഇതൊരു വലിയ നേട്ടമാണ്. രാജ്യത്തെ 10 പ്രധാന ആശുപത്രികളുടെ പട്ടികയിലാണ് എസ്.എ.ടി. ആശുപത്രി ഇടം പിടിച്ചിരിക്കുന്നത്. അപൂർവ രോഗങ്ങൾ കണ്ടെത്തുന്നതിലും ചികിത്സയിലും ഗവേഷണത്തിലും വിപ്ലവാത്മക മാറ്റങ്ങൾ ഉണ്ടാക്കാൻ ഇതിലൂടെ സാധിക്കും. സമയബന്ധിതമായി സെന്റർ ഓഫ് എക്സലൻസ് യാഥാർത്ഥ്യമാക്കാനുള്ള തുടർനടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

അപൂർവ രോഗങ്ങൾ കണ്ടെത്തുക, ചികിത്സിക്കുക, പ്രതിരോധിക്കുക എന്നീ ലക്ഷ്യങ്ങളുമായി അപൂർവ രോഗങ്ങൾക്ക് വേണ്ടിയുള്ള നാഷണൽ പോളിസിയനുസരിച്ചാണ് അപൂർവ രോഗങ്ങൾക്ക് വേണ്ടിയുള്ള സെന്റർ ഓഫ് എക്സലൻസ് പട്ടിക തയ്യാറാക്കിയത്. പോളിസിയുടെ ഭാഗമായുള്ള മാനദണ്ഡങ്ങളനുസരിച്ച് കേന്ദ്ര സംഘം നടത്തിയ പരിശോധനയിൽ മികവ് കണ്ടെത്തിയതിനെ തുടർന്നാണ് എസ്.എ.ടി.യെ തെരഞ്ഞെടുത്തത്. ജനിതക രോഗങ്ങളുടെ പരിശോധന, രോഗ നിർണയം, ചികിത്സ എന്നിവ എസ്.എ.ടി. ആശുപത്രിയിൽ സാധ്യമാണ്. മാത്രമല്ല മെഡിക്കൽ കോളേജ് ആശുപത്രിയുടെ സഹകരണവും ലഭ്യമാണ്.

ഏതെങ്കിലും ഒരു അപൂർവ രോഗം കണ്ടുപിടിച്ചു കഴിഞ്ഞാൽ സെന്റർ ഓഫ് എക്സലൻസ് പദ്ധതി വഴി ചികിത്സ ലഭിക്കും. കേരളത്തിൽ മറ്റേതെങ്കിലും ആശുപത്രിയിൽ അപൂർവ രോഗം കണ്ടെത്തിയാലും എസ്.എ.ടി. ആശുപത്രിയിലെ സെന്റർ ഓഫ് എക്സലൻസ് വഴിയായിരിക്കണം രജിസ്റ്റർ ചെയ്യേണ്ടത്. സംസ്ഥാന സർക്കാർ ഇതിനായുള്ള അധിക സൗകര്യവും കൂടുതൽ ജീവനക്കാരുടെ സേവനവും ഉറപ്പ് വരുത്തും.


